**GOVERNMENT OF KERALA**

**Abstract**

Industries Department - United Electrical Industries Limited - Conversion of Government loan into equity and increasing of authorized share capital of the Company - Sanction accorded - Orders issued.

**INDUSTRIES (H) DEPARTMENT**

G.O.(Ms)No.22/2026/ID Dated,Thiruvananthapuram, 02-03-2026

Read 1. Letter No. ADMN-Q/I-848/2020 dated 27/05/2020 from the Chairman, Public Sector Restructuring and Internal Audit Board

2. Letter No. Accts/213/2022-23 dated 20/02/2023 from the Managing Director, United Electrical Industries Limited.

**ORDER**

As per letter read as 1st paper above Public Sector Restructuring and Internal Audit Board (RIAB) submitted a proposal to Government for the financial restructuring of 16 selected PSUs under the Industries Department, with the objective to make the PSUs into bankable units by converting their existing Government loans along with accrued interest into equity. The proposed financial restructuring may facilitate the PSUs to avail further financial support from Banks/FIs which may leads to reduce further financial burden to the Exchequer.

2. The Committee Comprising of Chairman, RIAB, Director, BPE and Chief (Industries), State Planning Board reviewed and evaluated the operational and financial indicators as well as the corporate plan of these PSUs for the proposed financial restructuring. The Committee evaluated the draft proposal for restructuring of PSUs and finalised financial restructuring proposal of 14 PSUs. In this, Government loan of Rs.50.01 crore along with accrued interest of Rs. 26.21 Crore, totalling Rs. 76.22 Crore of United Electrical Industries Limited as on 31/10/2019 was proposed for converting into equity.

3.The MD,UEIL reported that the Authorized Share Capital of the company require an enhancement to Rs.81.22 Cr to accommodate the proposed

conversion of loan and interest into equity.

4. Government have examined the matter in detail and are pleased to accord sanction to convert the Government loan amounting to Rs. 50.01 crore, along with accrued interest and penal interest of Rs. 26.21 crore (totaling Rs. 76.22 crore), as on 31.10.2019 into equity and also to increase the authorised Share capital of the Company to Rs. 81.22 Crore for accommodating the aforesaid equity conversion, by making necessary changes in the relevant clauses of the Memorandum of Association (MoA) and Articles of Association (AoA) of the Company.

(By order of the Governor)
A P M MOHAMMED HANISH
ADDITIONAL CHIEF SECRETARY

To:

The Managing Director, United Electrical Industries Limited, Kollam

The Executive Chairman / Member Secretary, Board for Public Sector Transformation, Thiruvananthapuram

The Accountant General (A&E / Audit), Kerala, Thiruvananthapuram

Finance (PU-D) Department (vide E 1633927/PU-D2/106/2020-Fin dated 05/08/2025)

Planning & Economic Affairs (BPE) Department (vide PLGEA-BPE1/29/2021-PLGEA dated 17/02/2026)

The General Administration (SC) Department (vide Item No.................. dated .....................)

Web & New Media, Information & Public Relations Department

Stock file / Office copy

Forwarded /By order

Signed by
Vinitha V R
Date: 02-03-2026 15:46:16
Section Officer

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 28-02-2026

ഫയൽ നം. വ്യവ-എച്ച്1/191/2020/വ്യവ. ഇനം നം: 3755

വിഷയം : വ്യവസായ വകുപ്പ് - യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് - സർക്കാർ വായ്പ ഓഹരി മൂലധനമായി മാറ്റുന്നതും, അംഗീകൃത ഓഹരി വിഹിതം വർദ്ധിപ്പിക്കുന്നതും.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, വ്യവസായ വകുപ്പ്.

**GOVERNMENT OF KERALA**
**(SRI.PINARAYI VIJAYAN MINISTRY)**
**NOTE FOR THE COUNCIL OF MINISTERS**

| | | | |
|---|---|---|---|
| 1 | File No. | : | IND-H1/191/2020-ID |
| 2 | Department | : | Industries (H) Department |
| 3 | Subject | : | Industries Department - UEIL - Conversion of Government loan to equity and increasing of authorised share capital - reg. |
| 4 | Date of Chief Minister's order for placing before the Council. | : | 02/09/2025 |
| 5 | (i) Does the case involve financial commitments/implications | : | Yes |
| | (ii) if the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note? | : | Yes |
| 6 | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | : | Yes, Planning and Economic Affairs Department |
| 7 | Name of Additional Secretary who submitted the Draft Note. | : | Smt. M.A. Rajeena Beegum |
| 8 | Name of Additional Chief Secretary who approved the Draft Note. | : | Sri. A P M Mohammed Hanish |
| 9 | Date of approval of the Draft Note for the Council by the Additional Chief Secretary l Secretary | : | 23.02.2026 |
| 10 | Name of Chief Secretary who approved the Draft Note | : | Dr. A. Jaithilak |
| 11 | Date of approval of the Draft Note for the Council by the Chief Secretary | : | 24.02.2026 |
| 12 | Name of Minister who approved the Draft Note | : | Sri. P. Rajeeve |
| 13 | Date of approval of the Draft Note for the Council by the Minister | : | 25.02.2026 |
| 14 | Date of submission of fair copies | : | 26.02.2026 |
| 15 | Date of decision by the Council of Ministers | | |
| 16 | Number and date of the G.O./letter communicating the decision. | | |

## Note for Council of Ministers

This note deals with the conversion of the existing Government loan of United Electrical Industries Limited as on 31/10/2019 amounting to Rs. 76.22 Crore into equity and to increase the authorized share capital of the Company to Rs. 81.22 Crore.

2. As part of the restructuring of PSUs under Industries Department, RIAB submitted a proposal to Government for the financial restructuring of selected 16 PSUs. The main objective of the proposal was to make these PSUs into bankable units by converting their existing Government loan with interest and penal interest into equity. The proposed financial restructuring may facilitate them to avail further financial support from Banks/FIs which may leads to reduce further financial burden to the Exchequer.

3. The Committee Comprising of Chairman, RIAB, Director, BPE and Chief (Industries), State Planning Board reviewed and evaluated the operational and financial indicators and corporate plan of these PSUs for the proposed financial restructuring. The Committee evaluated the draft proposal for restructuring of PSUs and finalised financial restructuring proposal of 14 PSUs.

4. In this, Government loan of Rs.50.01 crore along with accrued interest of Rs. 26.21 Crore totalling Rs. 76.22 Crore as on 31/10/2019 of United Electrical Industries Limited was proposed for converting into equity.

5. When consulted, the Finance Department offered the following remarks;

Administrative Department is informed that, 'Finance' regrets it's inability to waive the interest accrued on the Government loan in UEIL and the Administrative Department is requested to clarify whether the financial restructuring is as part of a comprehensive restructuring of the Company.

6. The PEB meeting held on 12/02/2021 agreed to the proposal of United Electrical Industries Limited to convert the Government loan amount of Rs. 50.01 Crores into equity, as agreed to by the Finance Department with corresponding enhancement in the Authorised share capital. Regarding the interest and penal interest accrued on the above loans, PEB advised to refer the matter again to the Finance Department for consideration.

7. On further consultation, the Finance Department remarked as follows;

“ 'Finance' agree to the proposal of Administrative Department subject to the submission of a vivid and practical restructuring plan. The approval of Council of Ministers may also be obtained.

This has the approval of Hon’ble Minister (Finance)”

8. In connection to this company submitted a restructuring plan and RIAB recommended that the interest accrued on Government loan amounting to Rs.26.21 crores as on 31.10.2019 may be reckoned as Funded Interest Term Loan and may be converted to equity for avoiding MAT against book profit.

9. The Finance Department offered the following remarks in this;

"The Administrative Department is requested to direct UEIL to take necessary action to increase the authorized share capital of the company so

that the resultant paid up capital due to the share conversion does not exceed the authorized capital of the Company"

10. MD, UEIL reported that, on approval of the Government for the conversion of the loans and interest accrued thereon into equity, the increase in equity share capital has to be for Rs.76.22 Cr. Considering the unsubscribed capital of Rs.1.50 Cr, the minimum increase required in authorized share capital would be Rs.81.22 Cr. The fee payable by United Electrical Industries Limited to the Ministry of Corporate Affairs for the increase of authorized capital up to Rs.81.22 Cr would be Rs.56,04,000/-.

11. The Board of Directors of the Company in its meeting held on 12.01.2023 resolved to increase the authorised share capital.

12. When the file was re-transmitted to Finance Department, that Department remarked as follows;

> 'Finance' agrees to convert the interest accrued on Government loan of UEIL (amounting to Rs. 26.21 crores) to equity. Also agrees to increase the Authorised share capital accordingly and make necessary changes in the respective clauses of MoU and AoA.
>
> This has the approval of Hon'ble Minister (Finance)"

13. The Public Enterprises Board meeting held on 05/02/2026 approved the proposal for conversion of loan amount of Rs. 50.01 Crore, interest and penal interest of Rs. 26.21 Crore, totaling Rs. 76.22 Crores of United Electrical Industries Limited as equity is approved and also approved the proposal of United Electrical Industries Limited for increaing the Authorised Share Capital to Rs. 81.22

Crores for accomodating the increase in capital owing to conversion of loan and interest to equity.

14. The Hon'ble Chief Minister ordered to place the matter before the Council of Ministers for consideration.

**POINT FOR DECISION**

1. Whether the Government loan amounting to Rs. 50.01 crore, along with accrued interest and penal interest of Rs. 26.21 crore (totaling Rs. 76.22 crore), in respect of United Electrical Industries Limited, may be converted into equity?

2. Whether the Authorised Share capital of United Electrical Industries Limited may be increased to Rs. 81.22 Crore for accommodating the above equity conversion and to make necessary changes in the respective clauses in AoA/MoA of the Company ?

3755

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | വ്യവ-എച്ച്/191/2020-വ്യവ |
| 2 | വകുപ്പ് | വ്യവസായ (എച്ച്) വകുപ്പ് |
| 3 | വിഷയം | വ്യവസായ വകുപ്പ് - യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് - സർക്കാർ വായ്പ ഓഹരി മൂലധനമായി മാറ്റുന്നതും അംഗീകൃത ഓഹരി വിഹിതം വർദ്ധിപ്പിക്കുന്നതും സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 02/09/2025 |
| 5 | (I) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ?<br>(II) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | അതെ<br>ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ, | ഉണ്ട്, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് |
| 7 | കരട് കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി. എം.എ. റജീന ബീഗം |
| 8 | കരട് കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ. എ.പി.എം. മുഹമ്മദ് ഹനീഷ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 23.02.2026 |
| 10 | കരട് കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 24.02.2026 |
| 12 | കരട് കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.പി.രാജീവ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 25.02.2026 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 26.02.2026 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ 31/10/2019 വരെ നിലവിലുള്ള 76.22 കോടി രൂപയുടെ ഗവൺമെന്റ് ലോൺ ഇക്വിറ്റിയായി മാറ്റുന്നതും കമ്പനിയുടെ അംഗീകൃത ഓഹരി വിഹിതം 81.22 കോടി രൂപയായി ഉയർത്തുന്നതും സംബന്ധിച്ചതാണ് ഈ കുറിപ്പ്.

2. വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ (PSUs) പുനഃസംഘടനയുടെ ഭാഗമായി, തിരഞ്ഞെടുത്ത 16 സ്ഥാപനങ്ങളുടെ സാമ്പത്തിക പുനഃക്രമീകരണത്തിനുള്ള ഒരു നിർദ്ദേശം RIAB സർക്കാരിൽ സമർപ്പിച്ചിരുന്നു. ഈ സ്ഥാപനങ്ങളുടെ നിലവിലുള്ള സർക്കാർ വായ്പകളും അതിന്റെ പലിശയും പിഴപ്പലിശയും ഓഹരി മൂലധനമായി (Equity) മാറ്റിക്കൊണ്ട് അവയെ ബാങ്ക് വായ്പകൾക്ക് അർഹമായ (Bankable) യൂണിറ്റുകളാക്കി മാറ്റുക എന്നതായിരുന്നു ഈ നിർദ്ദേശത്തിന്റെ പ്രധാന ലക്ഷ്യം. ഇത്തരം സാമ്പത്തിക പുനഃക്രമീകരണം വഴി ബാങ്കുകളിൽ നിന്നോ മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ കൂടുതൽ സാമ്പത്തിക സഹായം ലഭ്യമാക്കാൻ ഈ സ്ഥാപനങ്ങൾക്ക് സാധിക്കും. ഇത് ഭാവിയിൽ സർക്കാർ ഖജനാവിനുണ്ടാകുന്ന സാമ്പത്തിക ബാധ്യത കുറയ്ക്കുന്നതിനും ഇടയാക്കും.

3. RIAB ചെയർമാൻ, BPE ഡയറക്ടർ, ചീഫ് (ഇൻഡസ്ട്രീസ്), സംസ്ഥാന ആസൂത്രണ ബോർഡ് എന്നിവരടങ്ങിയ സമിതി, നിർദ്ദിഷ്ട സാമ്പത്തിക പുനഃക്രമീകരണത്തിനായി ഈ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനപരവും സാമ്പത്തികവുമായ സൂചകങ്ങളും കോർപ്പറേറ്റ് പ്ലാനും അവലോകനം ചെയ്യുകയും വിലയിരുത്തുകയും ചെയ്തു. പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനഃസംഘടനയ്ക്കായുള്ള കരട് നിർദ്ദേശം സമിതി വിലയിരുത്തുകയും, 14 പൊതുമേഖലാ സ്ഥാപനങ്ങളുടെ സാമ്പത്തിക പുനഃക്രമീകരണ നിർദ്ദേശത്തിന് അന്തിമരൂപം നൽകുകയും ചെയ്തു.

4. ഇതിൽ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ 31/10/2019 വരെയുള്ള 50.01 കോടി രൂപയുടെ സർക്കാർ വായ്പയും, അതിന്മേലുള്ള 26.21 കോടി രൂപയുടെ പലിശയും ഉൾപ്പെടെ ആകെ 76.22 കോടി രൂപ ഓഹരി മൂലധനമായി മാറ്റാൻ നിർദ്ദേശിച്ചിരുന്നു.

5. ഈ വിഷയത്തിൽ ധനകാര്യ വകുപ്പ് ചുവടെ പറയുന്ന അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി;

Administrative Department is informed that, 'Finance' regrets it's inability to waive the interest accrued on the Government loan in UEIL and the Administrative Department is requested to clarify whether the financial restructuring is as part of a comprehensive restructuring of the Company.

6. 12/02/2021-ൽ ചേർന്ന PEB (Public Enterprise Board) യോഗം, യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ 50.01 കോടി രൂപയുടെ സർക്കാർ വായ്പ ഓഹരിയായി (Equity) മാറ്റാനുള്ള നിർദ്ദേശത്തിന് അംഗീകാരം നൽകി. ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടതനുസരിച്ച് ഇതിന് ആനുപാതികമായി കമ്പനിയുടെ അംഗീകൃത ഓഹരി വിഹിതത്തിൽ വർദ്ധനവ് വരുത്താനും തീരുമാനമായി. എന്നാൽ, മേൽപ്പറഞ്ഞ വായ്പകളുടെ പലിശയും പിഴപ്പലിശയും സംബന്ധിച്ച വിഷയം പുനഃപരിശോധനയ്ക്കായി വീണ്ടും ധനകാര്യ വകുപ്പിന് നൽകുവാൻ PEB നിർദ്ദേശിച്ചു.

7. ധനകാര്യ വകുപ്പിലേയ്ക്ക് ഫയൽ വീണ്ടും അയച്ചപ്പോൾ ഇപ്രകാരം അഭിപ്രായപ്പെടുകയുണ്ടായി,

" 'Finance' agree to the proposal of Administrative Department subject to the submission of a vivid and practical restructuring plan. The approval of Council of Ministers may also be obtained.

This has the approval of Hon'ble Minister (Finance)"

8. ഇതുമായി ബന്ധപ്പെട്ട് കമ്പനി ഒരു Restructuring plan സമർപ്പിക്കുകയും, 31.10.2019 വരെയുള്ള സർക്കാർ വായ്പയിന്മേൽ കുടിശ്ശികയായ 26.21 കോടി രൂപയുടെ പലിശയെയും ഫണ്ടഡ് ഇന്ററസ്റ്റ് ടേം ലോൺ ആയി കണക്കാക്കാമെന്ന് RIAB ശുപാർശ ചെയ്യുകയും ചെയ്തു. ബുക്ക് പ്രോഫിറ്റിന്മേലുള്ള MAT ഒഴിവാക്കുന്നതിനായി ഈ തുക ഓഹരി മൂലധനമായി മാറ്റാവുന്നതാണെന്നും RIAB നിർദ്ദേശിച്ചു.

9. ധനകാര്യ വകുപ്പ് ഇക്കാര്യത്തിൽ ചുവടെ പറയുന്ന അഭിപ്രായം രേഖപ്പെടുത്തി,

"The Administrative Department is requested to direct UEIL to take necessary action to increase the authorized share capital of the company so that the resultant paid up capital due to the share conversion does not exceed the authorized capital of the Company"

10. സർക്കാർ വായ്പകളും അതിന്മേൽ ആർജ്ജിച്ച പലിശയും ഓഹരി മൂലധനമായി മാറ്റുന്നതിന് സർക്കാരിന്റെ അംഗീകാരം ലഭിക്കുന്നതോടെ, ഓഹരി

മൂലധനത്തിലുണ്ടാകുന്ന വർദ്ധനവ് 76.22 കോടി രൂപയായിരിക്കുമെന്നും നിലവിൽ സബ്സ്ക്രൈബ് ചെയ്യപ്പെടാത്ത 1.50 കോടി രൂപയുടെ മൂലധനം കൂടി കണക്കിലെടുത്താൽ, കമ്പനിയുടെ അംഗീകൃത ഓഹരി വിഹിതത്തിൽ വരുത്തേണ്ട കുറഞ്ഞ വർദ്ധനവ് 81.22 കോടി രൂപയായിരിക്കുമെന്നും അംഗീകൃത മൂലധനം 81.22 കോടി രൂപയായി വർദ്ധിപ്പിക്കുന്നതിനായി കമ്പനി കോർപ്പറേറ്റ് കാര്യ മന്ത്രാലയത്തിന് നൽകേണ്ട ഫീസ് 56,04,000/- രൂപയാണെന്നും യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

11. 12.01.2023-ൽ ചേർന്ന കമ്പനിയുടെ ഡയറക്ടർ ബോർഡ് യോഗത്തിൽ കമ്പനിയുടെ അംഗീകൃത ഓഹരി വിഹിതം വർദ്ധിപ്പിക്കുന്നതിന് തീരുമാനമെടുത്തിരുന്നു.

12. ഫയൽ വീണ്ടും ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചപ്പോൾ, ആ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി;

> 'Finance' agrees to convert the interest accrued on Government loan of UEIL (amounting to Rs. 26.21 crores) to equity. Also agrees to increase the Authorised share capital accordingly and make necessary changes in the respective clauses of MoU and AoA.
>
> This has the approval of Hon'ble Minister (Finance)"

13. 05/02/2026-ൽ ചേർന്ന പബ്ലിക് എന്റർപ്രൈസസ് ബോർഡ് (PEB) യോഗം, യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ 50.01 കോടി രൂപയുടെ വായ്പയും, 26.21 കോടി രൂപയുടെ പലിശയും പിഴപ്പലിശയും ഉൾപ്പെടെ ആകെ 76.22 കോടി രൂപ ഓഹരി മൂലധനമായി മാറ്റാനുള്ള നിർദ്ദേശം അംഗീകരിക്കുകയും വായ്പയും പലിശയും ഓഹരിയായി മാറ്റുന്നത് മൂലമുണ്ടാകുന്ന മൂലധന വർദ്ധനവ് ഉൾക്കൊള്ളുന്നതിനായി, കമ്പനിയുടെ അംഗീകൃത ഓഹരി വിഹിതം 81.22 കോടി രൂപയായി വർദ്ധിപ്പിക്കാനുള്ള നിർദ്ദേശത്തിനും അംഗീകാരം നൽകിയിരുന്നു.

14. ഈ വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനമെടുക്കേണ്ട വിഷയം

1. യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ 31/03/2019 വരെയുള്ള 50.01 കോടി രൂപയുടെ സർക്കാർ വായ്പയും, അതിന്മേൽ ആർജ്ജിച്ച പലിശയും പിഴപ്പലിശയും ഉൾപ്പെടെയുള്ള 26.21 കോടി രൂപയും (ആകെ 76.22 കോടി രൂപ) ഓഹരി മൂലധനമായി (Equity) മാറ്റാമോ?

2. മുകളിൽ പറഞ്ഞിട്ടുള്ള ഓഹരി മാറ്റം ഉൾക്കൊള്ളുന്നതിനായി, യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ അംഗീകൃത ഓഹരി വിഹിതം 81.22 കോടി രൂപയായി വർദ്ധിപ്പിക്കാമോ, അതിനനുസരിച്ച് കമ്പനിയുടെ AoA/MoA യിലെ ബന്ധപ്പെട്ട വകുപ്പുകളിൽ ആവശ്യമായ മാറ്റം വരുത്താമോ ?